# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 476 10.06.2014-ലെ മറുപടിക്ക്

### സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യുന്നതിനുള്ള നടപടികൾ

**ചോദ്യം**

ശ്രീ. സി. ദിവാകരൻ
ശ്രീ. പി. തിലോത്തമൻ
ശ്രീ. മുല്ലക്കര രത്നാകരൻ
ശ്രീ. കെ. രാജു

**ഉത്തരം**

ശ്രീ. കെ.എം. മാണി
ബഹു. ധനകാര്യവും, നിയമവും,
ഭവനനിർമ്മാണവും വകുപ്പുമന്ത്രി

| | | |
|---|---|---|
| (എ) | പുതിയ സാമ്പത്തിക വർഷം ആരംഭിച്ചതിനുശേഷം എത്ര കോടി രൂപ കടമെടുത്തിട്ടുണ്ട്; എന്തെല്ലാം ആവശ്യങ്ങൾക്കു വേണ്ടിയാണ് കടമെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; | പുതിയ സാമ്പത്തിക വർഷം ആരംഭിച്ചതിനു ശേഷം സംസ്ഥാനത്തിന്റെ വികസന ആവശ്യങ്ങൾക്കുവേണ്ടി 3200 കോടി രൂപ പൊതുവിപണിയിൽ നിന്നും കടമെടുത്തിട്ടുണ്ട്. |
| (ബി) | അവസാനമായി എത്ര കോടി രൂപയുടെ കടപ്പത്രമാണ് പുറപ്പെടുവിച്ചിട്ടുള്ളത്; കടപ്പത്രം പുറപ്പെടുവിക്കുന്നതിന് ആധാരമായ കാരണങ്ങൾ എന്തെല്ലാം ; | അവസാനമായി 27.05.14 ൽ 1200 കോടിരൂപയ്ക്കുള്ള കടപ്പത്രമാണ് പുറപ്പെടുവിച്ചിട്ടുള്ളത്. പദ്ധതി-പദ്ധതിയേതരയിനങ്ങളിലെ വികസന ചെലവുകൾവേണ്ടി തുക കണ്ടെത്തുന്നതിനാണ് കടപ്പത്രം പുറപ്പെടുവിക്കുന്നത് |
| (സി) | പുതിയ സാമ്പത്തിക വർഷത്തിന്റെ ആദ്യമാസങ്ങളിൽ കാര്യമായ പദ്ധതി വിനിയോഗം ഉണ്ടായിട്ടുണ്ടോ ; വ്യക്തമാക്കുമോ ; | പുതിയ സാമ്പത്തിക വർഷത്തിൽ ഏപ്രിൽ 30 വരെയുള്ള താത്ക്കാലിക കണക്ക് പ്രകാരം ആകെ 108.49 കോടി രൂപ പദ്ധതിപ്രവർത്തനങ്ങൾക്കായി വിനിയോഗിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| (ഡി) | സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധിയുണ്ടോ ; ഉണ്ടെങ്കിൽ പ്രതിസന്ധി തരണം ചെയ്യുന്നതിന് എന്തുനടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കുമോ? | സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി നിലവിലില്ല. നികുതി-നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി നിലവിൽ വിവിധ വകുപ്പുകളുടെ പക്കൽ തീർപ്പുകൽപിക്കാനായി അവശേഷിക്കുന്ന നിർദ്ദേശങ്ങൾ അടിയന്തിരമായി നടപ്പിലാക്കേണ്ടതാണെന്ന നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ വാണിജ്യ നികുതി, രജിസ്ട്രേഷൻ, റവന്യൂ, വനം മുതലായ വകുപ്പുകളിൽ പുതിയ വിഭവസമാഹരണ നിർദ്ദേശങ്ങൾ പരിഗണിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സാമ്പത്തിക ഞെരുക്കത്തിന്റെ പശ്ചാത്തലത്തിൽ പുതിയ നികുതി-നികുതിയേതര നിർദ്ദേശങ്ങളോടൊപ്പം തന്നെ ചെലവ് ചുരുക്കലിനുള്ള കർശന നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. ധനകാര്യ വകുപ്പിന്റെ അംഗീകാരമില്ലാതെ പുതിയ തസ്തികകൾ സൃഷ്ടിക്കരുത്, രജിസ്ട്രേഷൻ വകുപ്പ് അടിയന്തിരമായി ഇ-സ്റ്റാമ്പിംഗ് സൗകര്യം ആരംഭിക്കേണ്ടതാണ്, അധിക വിഭവ സമാഹരണത്തിനായി വിവിധ വകുപ്പുകളുടെ പക്കൽ തീരുമാനമാകാതെ ശേഷിക്കുന്ന ശുപാർശകൾ അടിയന്തിരമായി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുക, റവന്യൂ കുടിശ്ശിക പിരിച്ചെടുക്കുന്നതിനായി വിവിധ വകുപ്പുകൾ ഊർജ്ജിത നടപടികൾ കൈക്കൊള്ളേണ്ടതാണ്, വിവിധ നിർമ്മാണ പ്രവൃത്തിക്കുള്ള ഭരണാനുമതി ബഡ്ജറ്റിലെ ബന്ധപ്പെട്ട ശീർഷകങ്ങളിൽ ലഭ്യമായ തുകയുടെ പരമാവധി 150% വരെ മാത്രമേ നൽകാവൂ തുടങ്ങിയ നിർദ്ദേശങ്ങളാണ് നൽകിയിട്ടുള്ളത്. കൂടാതെ നോൺ പ്ലാൻ ചെലവുകൾ ബഡ്ജറ്റ് വിഹിതത്തിനുള്ളിൽ തന്നെ നിർത്തേണ്ടതാണ്, അംഗീകരിക്കപ്പെട്ടതും മുൻകൂട്ടി ഏറ്റെടുത്തിട്ടുള്ളതുമല്ലാത്ത വിദേശയാത്രകൾ അനുവദിക്കുന്നതല്ല, വകുപ്പുകളിൽ പുതുതായി വാഹനങ്ങൾ വാങ്ങുന്നതിനുപകരമായി വാഹനം വാടകയ്ക്ക് മാത്രമേ എടുക്കാവൂ, പുതുതായി ആരംഭിക്കുന്ന ഓഫീസുകളിൽ വാടകയ്ക്ക് മാത്രമേ വാഹനം അനുവദിക്കാവൂ തുടങ്ങിയ നിർദ്ദേശങ്ങളും 05.08.2013 ലെ 382/2013/ധന, 11.10.2013 ലെ 515/2013/ധന നമ്പർ ഉത്തരവുകൾ പ്രകാരം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ